**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം. 125 14.06.2013 ൽ മറുപടിയ്ക്ക്**

## ഐ.ടി അധിഷ്ഠിത സേവനങ്ങൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. പി. സി. ജോർജ്ജ്:**<br>**ശ്രീ. എം. വി. ശ്രേയാംസ് കുമാർ:**<br>**ഡോ. എൻ. ജയരാജ്:**<br>**ശ്രീ. റോഷി അഗസ്റ്റിൻ:** | **ഡോ:എം.കെ. മുനീർ**<br>**(ബഹു: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)** |
| എ) പഞ്ചായത്തുകളിൽനിന്ന് പൊതുജനങ്ങൾക്ക് വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി ലഭ്യമാക്കിവരുന്ന സേവനങ്ങൾ എന്തെല്ലാം; | എ) പഞ്ചായത്തുകളിൽ നിന്ന് പൊതുജനങ്ങൾക്ക് വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി ലഭ്യമാക്കി വരുന്ന സേവനങ്ങൾ താഴെ പറയുന്നവയാണ്:<br>• ജനന -മരണ വിവാഹ ഓൺലൈൻ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് വിതരണവും.<br>• സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇലക്ട്രോണിക് മണിയോർഡറുകൾ വഴി വിതരണം.<br>• നികുതിദായകർക്ക് ലോകത്ത് എവിടെ നിന്നും ഓൺലൈനായി വസ്തു നികുതി അടയ്ക്കുവാൻ കഴിയുന്ന ഇ-പേയ്മെന്റ് സംവിധാനം<br>• ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന വിവിധ അപേക്ഷകളുടെ തൽസ്ഥിതി അപേക്ഷകന് വെബ്സൈറ്റ് വഴി അറിയാൻ കഴിയുന്ന സംവിധാനം.<br>• ഗ്രാമപഞ്ചായത്ത് പരസ്യപ്പെടുത്തുന്ന വിവിധ അറിയിപ്പുകൾ, സർക്കാർ ഉത്തരവുകൾ, പഞ്ചായത്ത് വകുപ്പ് അറിയിപ്പുകൾ എന്നിവ വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സംവിധാനം. |

- സിവിൽ രജിസ്ട്രേഷൻ വിവരങ്ങളും കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ് വിവരങ്ങളും SMS മുഖേന പൊതുജനങ്ങളെ അറിയിക്കുന്ന സംവിധാനം.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഐ.ടി. അധിഷ്ഠിത സേവനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് എത്രത്തോളം ഗുണപരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ: | ബി) | ജനന-മരണ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതുമൂലവും വസ്തു നികുതി ഇ-പേയ്മെന്റ് വഴി അടയ്ക്കാൻ കഴിയുന്നതുമൂലവും ടി ആവശ്യങ്ങൾക്കായി പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസ് സന്ദർശിക്കേണ്ടി വരുന്നില്ല. ഇതുമൂലം പൊതുജനങ്ങൾക്ക് സമയലാഭവും ധനലാഭവും ഉണ്ടാകുന്നു. പൊതുവിവാഹ രജിസ്ട്രേഷൻ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതുമൂലം രജിസ്ട്രേഷനുകൾക്കുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് എത്രയും വേഗത്തിൽ ലഭ്യമാക്കാൻ കഴിയുന്നു. സിവിൽ രജിസ്ട്രേഷൻ വിവരങ്ങളും കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ് വിവരങ്ങളും SMS മുഖേന അറിയിക്കുന്നത് പൊതുജനങ്ങളിൽ ഈ കാര്യങ്ങളെക്കുറിച്ച് അവഗാഹമുണ്ടാക്കുന്നു. |
| സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം ആധുനികവൽക്കരണ നടപടികളാണ് പഞ്ചായത്തുകളിൽ നടപ്പിൽവരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ? | സി) | • അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ 'സാംഖ്യ' സംസ്ഥാനത്തെ 3 ഗ്രാമപഞ്ചായത്തുകൾ ഒഴികെ എല്ലായിടത്തും വിന്യസിച്ച് പ്രവർത്തനമാരംഭിച്ചു.<br>• ജനന-മരണ വിവാഹ രജിസ്ട്രേഷൻ വിവരങ്ങൾ, കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പുകളുടെ അറിയിപ്പുകൾ എന്നിവ |

SMS മുഖേന പൊതുജനങ്ങളെ അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തി.

- ഗ്രാമപഞ്ചായത്തുകളിലെ പൊതു മരാമത്ത് പണികളുടെ എസ്റ്റി-മേറ്റുകൾ തയ്യാറാക്കുന്നതിനുള്ള 'സുഗമ' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വിന്യസിച്ചു.
- പൊതുവിവാഹ രജിസ്ട്രേഷനുകളുടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.
- പദ്ധതി രൂപീകരണത്തിനും മോണിറ്ററിംഗിനുമുള്ള സുലേഖ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ പ്രക്രിയകളെല്ലാം ഇതുമൂലം ഓൺലൈനായി ചെയ്യാൻ കഴിയുന്നു.
- സംസ്ഥാനത്തെ ഒരു ഗ്രാമ പഞ്ചായത്ത് ഒഴികെയുള്ള എല്ലായിടത്തും കണക്റ്റിവിറ്റി സ്ഥാപിച്ച് ഐ.ടി അധിഷ്ഠിത സേവനങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ സാധിച്ചു.
- ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കി.

സെക്ഷൻ ഓഫീസർ